(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-11/193/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി:25.03.2019
PH:04862 227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അടിമാലി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :- അടിമാലി ബ്ലോക്ക് പഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസി.ഡവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ്,ഇടുക്കി

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-11/193/2019 തീയതി:25.03.2019

# ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 6.11.2017 മുതൽ 4.3.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. റ്റി എൽ സാംകുട്ടി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 5.3.2019 മുതൽ 8.3.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ എം. റ്റി സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ എം. യു സണ്ണി | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ എം. എസ് രാജീവ് | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അനിറ്റ പി.സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ആർ മുരുകേശൻ | 1.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ. പി. കെ അപ്പുക്കുട്ടൻ | 1.4.2017 മുതൽ 4.7.2017 വരെ |
| | ശ്രീ. പി. കെ വിശ്വൻ | 5.7.2017 മുതൽ 31.7.2017 വരെ |

| | | |
|---|---|---|
| | ശ്രീമതി. മറിയാമ്മ കുര്യൻ,<br>JBDO (അധികചുമതല) | 1.8.2017 മുതൽ 27.1.2018 വരെ |
| | ശ്രീമതി. പി കെ ശ്യാമള,<br>JBDO ( അധികചുമതല) | 28.1.2018 മുതൽ 23.3.2018 വരെ |
| | ശ്രീ. പ്രവീൺ വാസു | 24.3.2018മുതൽ 31.3.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ. കെ.എം ഉഷാനന്ദൻ<br>(അധികചുമതല) | 01.04.2017മുതൽ08.3.2018വരെ |
| | ശ്രീ. ദിലീപ്കുമാർ പി.റ്റി | 09.03.2018മുതൽ31.3.2018 വരെ |
| അസ്സിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. അനീഷ് എ. വൈ | 01.04.2017മുതൽ5.10.2017 വരെ |
| | ശ്രീ. പ്രവീൺ പി കൃഷ്ണൻ | 6.10.2017മുതൽ 12.1.2018 വരെ |
| | ശ്രീ ബിനുമോൻ പി ബി,<br>ഓവർസിയർ (അധികചുമതല) | 13.1.2018മുതൽ 17.2.2018 വരെ |
| | ശ്രീ പി.ആർ സുഗതൻ | 18.2.2018മുതൽ 31.3.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ നാരായണൻ നമ്പൂതിരി പി | 1.4.2017മുതൽ 12.10.2017 വരെ |
| | ശ്രീ സുജിത്ത് പി | 13.10.2017മുതൽ31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ<br>താലൂക്ക് ആശുപത്രി, അടിമാലി | ഡോ. ഫിനിക്സ് ബേബി | 1.4.2017 മുതൽ 19.2.2018 വരെ |
| | ഡോ. സത്യബാബു എൻ വി | 20.2.2019മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ<br>സി എച്ച് സി, ചിത്തിരപുരം | ഡോ. ഷെറിൻ മേരി മാത്യൂ | 1.4.2017 മുതൽ 31.3.2018 വരെ |
| സി ഡി പി ഒ | ശ്രീമതി പിങ്കി അഗസ്റ്റിൻ | 1.4.2017 മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.വത്സലകുമാരി കെ പി | 1.4.2017 മുതൽ 31.3.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ ഷൈൻ എൻ പി | 1.4.2017 മുതൽ 31.3.2018 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സിബി രാധാകൃഷ്ണൻ | 1.4.2017 മുതൽ 13.8.2017 വരെ |
| | ശ്രീമതി മഞ്ജു ജോർജ് | 14.8.2017മുതൽ 31.3.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഖണ്ഡിക നം | ഖണ്ഡിക |
|---|---|---|
| ഭാഗം-1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം-2 | | |
| 13 | 2-1 | വാടക നിർണ്ണയിച്ച് ഈടാക്കാത്തത് |
| 14 | 2-2 | ഐ.എ.വൈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് വിശദാംശങ്ങൾ |
| ഭാഗം-3 | | |
| 15 | 3-1 | ക്ഷീരോത്പാദനത്തിന് സബ്സിഡി -ഗ്രാമ പഞ്ചായത്തുകൾക്ക് നല്കിയ തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തടസ്സം |
| 16 | 3-2 | പ്രധാനമന്ത്രി ഗ്രാമീൺ ആവാസ് യോജന -ഭവനനിർമ്മാണം വീടുപണി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. |

| | | |
|---|---|---|
| 17 | 3-3 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം ചെയ്തു. ചെലവ് തടസ്സം |
| 18 | 3-4 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം- പദ്ധതി ലക്ഷ്യം കണ്ടില്ല. |
| 19 | 3-5 | താലൂക്ക് ആശുപത്രിയിലേയ്ക്ക് ഉപകരണങ്ങൾ/ ഫർണിച്ചർ വാങ്ങൽ -ക്വട്ടേഷൻ നടപടിക്രമത്തിൽ അപാകത |
| 20 | 3-6 | തോട്ടപ്പുര അംഗൻവാടി നിർമ്മാണം-ടെണ്ടർ കിഴിവ് വരുത്തിയില്ല-നഷ്ടം ₹31103/- |
| 21 | 3-7 | ചില്ലിത്തോട് വനിതാ വിപണന കേന്ദ്രം-പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല |
| 22 | 3-8 | പൊതുമരാമത്ത് പ്രവൃത്തികൾ-അംഗീകാരം ലഭിച്ച പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുവാൻ കഴിയുന്നില്ല |
| ഭാഗം-4 | | |
| 23 | 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 24 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 25 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 26 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 27 | 4-5 | സ്ഥിര നിക്ഷേപം |
| 28 | 4-6 | ഓഡിറ്റ് റിക്കവറി |
| 29 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 30 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 31 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 32 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 33 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 34 | അനുബന്ധം-2 | വാർഷിക ധനകാര്യ പത്രികയുടെ സംക്ഷിപ്തം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തിലേയ്ക്കുള്ള ബജറ്റ് 10.03.2017 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ₹67,81,84,500/-ഉം ചെലവ് ₹67,73,69,100/-ഉം മിച്ചം ₹8,15,400/- ഉം ആണ്. ബജറ്റ് പുതുക്കിയില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 31.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | ഇല്ല | ഇല്ല |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,24,86,402 |
| വരവ് | 8,77,26,023 |
| ആകെ | 14,02,12,425 |
| ചെലവ് | 10,67,82,245 |
| നീക്കിയിരിപ്പ് | 3,34,30,180 |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ (എ സി ആർ പ്രകാരം) | 0 | 43342352 | 43342352 | 31526463 | 11815889 |
| വികസന ഫണ്ട് റ്റി എസ് പി (എ സി ആർ പ്രകാരം) | 0 | 7021000 | 7021000 | 4741235 | 2279765 |
| വികസന ഫണ്ട് എസ് സി പി (എ സി ആർ പ്രകാരം) | 0 | 8403000 | 8403000 | 4887735 | 3515265 |
| വികസന ഫണ്ട് നോൺ റോഡ് (എ സി ആർ പ്രകാരം) | 0 | 5510000 | 5510000 | 5186490 | 323510 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| സ്വർണ്ണജയന്തി ഗ്രാമ സ്വരസ്കാർ യോജന | 145440 | 5632 | 151072 | 0 | 151072 |
| ഐ.എ.വൈ സെൻട്രൽ | 340 | 0 | 340 | 340 | 0 |
| ഐ.എ.വൈ. ഗ്രാമപഞ്ചായത്ത് വിഹിതം | 20684410 | 4157500 | 24841910 | 2270125 | 22571785 |
| ഐ.എ.വൈ. ജില്ലാപഞ്ചായത്ത് വിഹിതം | 16779125 | 6004000 | 22783125 | 18911567 | 3871558 |
| ഐ.എ.വൈ പ്ലാൻ | 6225513 | 23490109 | 29715622 | 29715622 | 0 |
| ഐ.എ.വൈ ഭരണച്ചെലവുകൾ | 0 | 295141 | 295141 | 258776 | 36365 |

| | | | | | |
|---|---|---|---|---|---|
| ഹാഡാ വിഹിതം | 196658 | 0 | 196658 | 196658 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | 6621 | 256 | 6877 | 0 | 6877 |
| സാക്ഷരത | 8612 | 12490 | 21102 | 12135 | 8967 |
| ഗുണഭോക്തൃ വിഹിതം | 150000 | 0 | 150000 | 36117 | 113883 |
| കേരളോത്സവം | 0 | 35000 | 35000 | 35000 | 0 |
| എസ്. .ബി. ഐ - പലവക | 3530034 | 6124244 | 9654278 | 7322883 | 2331395 |
| ജനറൽ പർപ്പസ് ഫണ്ട് | 0 | 3582000 | 3582000 | 3582000 | 0 |
| ട്രഷറി റ്റി. എസ്. ബി | 4759649 | 3912141 | 8671790 | 4219629 | 4452161 |

കുറിപ്പ്:-

- ഐ.എ.വൈ പ്ലാൻ അക്കൗണ്ടിലെ മുന്നിരിപ്പിൽ (₹ 43689048) നിന്നും ഗ്രാമപഞ്ചായത്ത് വിഹിതമായ ₹ 20684410/- ഉം ജില്ലാ പഞ്ചായത്ത് വിഹിതമായ ₹ 16779125/- ഉം കുറവ് ചെയ്തിട്ടുണ്ട്.
- ഐ.എ.വൈ പ്ലാൻ അക്കൗണ്ട് നീക്കിയിരിപ്പ് ഗ്രാമപഞ്ചായത്ത് വിഹിതമായ ₹ 22571785/- ഉം ജില്ലാ പഞ്ചായത്ത് വിഹിതമായ ₹ 3871558/- ഉം ചേർന്നതാണ്.
- ട്രഷറി റ്റി എസ് ബി അക്കൗണ്ടിലെ മുന്നിരിപ്പ് ₹ 5106307/- ൽ നിന്നും ഹാഡാ വിഹിതമായ ₹ 196658/- ഉം ഗുണഭോക്തൃ വിഹിതമായ ₹ 150000/- ഉം കുറവ് ചെയ്തിട്ടിണ്ട്. നീക്കിയിരിപ്പ് ₹ 4452161/- ൽ നിന്നും ഗുണഭോക്തൃ വിഹിതമായ ₹ 113883/- ഉം കുറവ് ചെയ്തിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 96284385 | 77 | 47041923 | - | 64 | 54.6 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-8 ക്ഷേമ പദ്ധതികൾ

ഇല്ല.

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.03.2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ബാലൻസ് ഇല്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വിവിധ ഇനങ്ങളിലായി ലഭിച്ച ഡെപ്പോസിറ്റുകളിൽ ₹24764/- അവശേഷിക്കുന്നുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിൽ ലഭിക്കുന്ന വിവിധ ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇ.എം.എസ്, ഐ.എ.വൈ പദ്ധതികൾക്കായി എടുത്തിട്ടുള്ള ലോണുകളുടെ വരവ്, തിരിച്ചടവ് എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7/2014 | 2008-09/13-14 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.02.2015 | 2009-10 & 2013-14 | 21.05.2015 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.
3. വാടക ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.
4. വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ secured loan from co-operative banks എന്ന ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാനായില്ല.
5. ഒടുക്കുവാൻ അവശേഷിക്കുന്ന ലോൺ തുക വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക നിർണ്ണയിച്ച് ഈടാക്കാത്തത്

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളുടെ വാടക തൻവർഷം പുതുക്കി

നിർണയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ വിവരം | പ്രതിമാസ വാടക | 2017-18 വർഷം ഈടാക്കേണ്ടതുക |
|---|---|---|
| ബ്ലോക്ക് കെട്ടിടം 60th മൈൽ | 250 (2015-16)വർഷം നിർണ്ണയിച്ചത് | 250*12=3000 |
| ബ്ലോക്ക് വക കെട്ടിടം 20th mile (പ്രാർത്ഥന കുടുംബശ്രീ) | 1000/- (2014-15)വർഷം നിർണ്ണയിച്ചത് | 1000*12=12000 |
| ബ്ലോക്ക് കെട്ടിടം നായ്ക്കുന്ന് ( ഒരുമ എസ്.എച്ച്.ജി) | 1000/- (2014-15)വർഷം നിർണ്ണയിച്ചത് | 1000*12=12000 |
| ബ്ലോക്ക് കെട്ടിടം അമ്പഴച്ചാൽ | 1000/- (2014-15)വർഷം നിർണ്ണയിച്ചത് | 1000*12=12000 |
| പണിക്കൻ കുടി ബ്ലോക്ക് വക കെട്ടിടം നം 333 | 250/- (2015-16 മുതൽ) | 250*12=3000 |
| ആകെ | | 42000 |

മേൽതുക മുറി വാടകയ്ക്ക് കൊണ്ട വ്യക്തികളിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി വാടക രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല. മുറികൾ വാടകയ്ക്ക് കൊണ്ട ആളുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാടക കെട്ടിടം കൈക്കൊണ്ട വ്യക്തികളുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. കൂടാതെ, ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നിരവധി കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്താതെ നാശോന്മുഖമായ അവസ്ഥയിലാണ്. അവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| |
|---|
| ഇരുപതേക്കർ വനിത ഉല്പാദന വിപണനകേന്ദ്രം |
| കരിമല വനിതാ കേന്ദ്രം (2 മുറി) |
| കുരിശിങ്കൽ വനിതാകേന്ദ്രം (2മുറി) |
| മുട്ടുകാട് വനിതാകേന്ദ്രം |
| കൊച്ചുപ്പ് വനിതാ കേന്ദ്രം |

| |
|---|
| കക്കാ സിറ്റി വനിതാകേന്ദ്രം |
| ഒഴുവത്തടം വനിതാകേന്ദ്രം |
| നെടുമ്പാറ വനിതാവികസനകേന്ദ്രം |
| തലമാലി വനിതാകേന്ദ്രം |
| കൊരങ്ങാട്ടി വനിതാകേന്ദ്രം |
| മന്നാംകാല വനിതാവികസനകേന്ദ്രം |
| തെള്ളിത്തോട് വനിതാവികസനകേന്ദ്രം |
| കാഞ്ഞിരവേലി ഇഞ്ചത്തൊട്ടി വനിതാകേന്ദ്രം |
| മുതിരപ്പുഴ വനിതാവികസനകേന്ദ്രം |

മേൽ കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി വാടകയ്ക്ക് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-2 ഐ.എ.വൈ അക്കൌണ്ടുകളിലെ നീക്കിയിരിപ്പ് വിശദാംശങ്ങൾ

കേന്ദ്രസർക്കാർ 2015-ൽ നിർത്തലാക്കിയ ഐ.എ.വൈ പദ്ധതിയുടെ 3 അക്കൗണ്ടുകൾ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുണ്ട്. പ്രസ്തുത അക്കൗണ്ടുകളിൽ ഗണ്യമായ തുക നീക്കിയിരിപ്പുണ്ട്.വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഇനം | അക്കൗണ്ട് നം | നീക്കിയിരിപ്പ് തുക(31-3-18) |
|---|---|---|
| IAY പ്ലാൻ | 52410 | 26443343.52 |
| IAY റ്റി.എസ്.സി | 65249 | 6877 |
| IAYഭരണച്ചെലവ് | 64997 | 36365 |
| | ആകെ | 26486585.52 |

മേൽ പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശത്തിന് വിധേയമായി നീക്കിയിരിപ്പ് തുക ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ക്ഷീരോത്പാദനത്തിന് സബ്സിഡി -ഗ്രാമ പഞ്ചായത്തുകൾക്ക് നല്കിയ തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.34

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ബിൽ നം.2 തീയതി 12.01.2018 ₹2500000/-

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത പദ്ധതികളായി ഗ്രാമ പഞ്ചായത്തുകൾ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നല്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളിലേയ്ക്ക് മേൽ ബിൽ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ട് മുഖേന മാറി നൽകിയിട്ടുണ്ട്. ആയതിൽ താഴെ കൊടുത്തിരിക്കുന്ന പഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | നല്കിയ തുക |
|---|---|---|
| 1 | കൊന്നത്തടി ഗ്രാമ പഞ്ചായത്ത് | 1100000 |
| 2 | ബൈസൺവാലി ഗ്രാമപഞ്ചായത്ത് | 100000 |
| 3 | വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത് | 450000 |
| 4 | പള്ളിവാസൽ ഗ്രാമ പഞ്ചായത്ത് | 250000 |
| | ആകെ | 1900000 |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹1900000/-/യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 പ്രധാനമന്ത്രി ഗ്രാമീൺ ആവാസ് യോജന -ഭവനനിർമ്മാണം വീട്ടുപണി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.

പ്രധാനമന്ത്രി ഗ്രാമീൺ ആവാസ് യോജന പ്രകാരം ഓരോ ഗുണഭോക്താവിനും 4 ഗഡുക്കളായി 400000/-രൂപ വീതമാണ് ധനസഹായം നൽകുന്നത് ഇപ്രകാരം ഭവന നിർമ്മാണ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2017-18 കാലയളവിൽ എഗ്രിമെന്റ് വെച്ച് പണി ആരംഭിച്ച ചുവടെ കൊടുക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

| ക്രമനം | ഗുണഭോക്താവിന്റെ പേര്/വീട്ടുപേര് | എഗ്രിമെന്റ് വച്ച തീയതി | നാളിതുവരെ നൽകിയ തുക(₹) |
|---|---|---|---|
| 1 | സജിരാജു,കുന്നുംപുറത്ത് | 24-11-17 | 362000 |
| 2 | അളഗർ സ്വാമി, ഞാവൽപാറക്കുടി | 15-11-17 | 390000 |
| 3 | അന്നമ്മചിന്നവൻ,പ്ലാമലക്കുടി | 15-11-17 | 390000 |
| 4 | രാജപ്പൻ ഫൂലൻ,കണ്ടത്തിൽ | 4-10-17 | 376000 |

| | | | |
|---|---|---|---|
| 5 | സജിനി ജോസഫ്, അഞ്ചാനിക്കൽ | 8-11-17 | 366000 |
| 6 | ലീല പോറ്റി,ആലുങ്കൽ | 20-10-17 | 390000 |
| 7 | മധു തങ്കപ്പൻ,കുളമാക്കുഴി | 24-10-17 | 340000 |
| 8 | രവി പൊന്നപ്പൻ,പട്ടയിടമ്പുകുടി | 30-10-17 | 362500 |
| 9 | പുരുഷൻ കന്ദസ്വാമി,പടിക്കപ്പ് | 22-12-17 | 268000 |
| 10 | ഗോപി എം.കെ, മുതിരക്കാലായിൽ | 1-3-18 | 376000 |

## 3-3 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം ചെയ്തു. ചെലവ് തടസ്സം

പ്രോജക്ട് നം.40/18 അടങ്കൽ – ₹837700/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി അസിസ്റ്റന്റ് ഡയറക്ടർ

ചെലവ് വിശദാംശം

| ബിൽ നം. തീയതി | തുക |
|---|---|
| 1/28.02.2018 | 188530 |
| 2/14.03.2018 | 284070 |
| 3/28.03.2018 | 51595 |
| ആകെ | 524195 |

സ.ഉ.(എം എസ്) നം.80/2017/തസ്വഭവ. തീയതി03.04,2017 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക.8.1-5 പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് 50% വിഹിതം നല്കാൻ മാത്രമേ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കഴിയൂ എന്നിരിക്കെ വ്യക്തിഗത ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേയ്ക്ക് മേൽ ബില്ലുകൾ പ്രകാരം നേരിട്ട് തുക കൈമാറിയിരിക്കുന്നു. ഓഡിറ്റ് എൻക്വയറി നം.3 നല്കിയെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹524195/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-4 ഡയാലിസിസ് രോഗികൾക്ക് ധനസഹായം- പദ്ധതി ലക്ഷ്യം കണ്ടില്ല.

പ്രോജക്ട് നം.58/18

അടങ്കൽ – ₹2400000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, താലൂക്ക് ആശുപത്രി.

ചെലവ്- ബിൽ നം.7/14.03.2018-₹17000/-

” 8/28.03.2018-₹71000/-

ആകെ 30 രോഗികളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്ന ഈ പ്രോജക്ടിൽ മോണിംഗ് സ്റ്റാർ ഹോസ്പിറ്റൽ അടിമാലി, സെന്റ് ജോൺസ് ഹോസ്പിറ്റൽ കട്ടപ്പന, ചാഴികാട്ട് ആശുപത്രി തൊടുപുഴ എന്നീ ആശുപത്രികളെയാണ് സേവനദാതാക്കളായി നിശ്ചയിച്ചിരുന്നത്. ഓരോ മാസവും ഒരു രോഗിയ്ക്ക് ₹1000/- എന്ന കണക്കിൽ ബിൽ അയച്ചു തരുന്ന ആശുപത്രികൾക്ക് ചെക്ക് മുഖേന പണം നല്കുന്നതിനും പദ്ധതിയിൽ തീരുമാനിച്ചിരുന്നു.

12 രോഗികളുടെ മാർച്ച് 12 വരെയുള്ള രസീത് തുക ₹17000/- ഉം മാർച്ച് 12 മുതൽ 24 വരെയുള്ള രസീതുകളിൽ 22 പേർക്കായി ₹71000/- ഉം മേൽ ബില്ലുകൾ പ്രകാരം അടിമാലി മോണിംഗ് സ്റ്റാർ ആശുപത്രിയ്ക്ക് നല്കിയിട്ടുണ്ട്. 24 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച പദ്ധതിയിൽ ₹88000/- മാത്രമേ ചെലവാക്കാൻ കഴിഞ്ഞുള്ളൂ എന്നത് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നതാണ്.

ഇതു കൂടാതെ പ്രോജക്ടിന്റെ ആസൂത്രണത്തിലും നടത്തിപ്പിലും അപാകതകളും ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഒരു രോഗിയ്ക്ക് പ്രതിമാസം ₹1000/- എന്ന് പ്രോജക്ടിൽ നിജപ്പെടുത്തിയതിലും കൂടുതൽ തുക നല്കിയതായി കാണുന്നു. (22 രോഗികൾക്കായി മാർച്ച് മാസത്തെ ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രം₹88000/- അനുവദിച്ചിരിക്കുന്നു.)

2) മോണിംഗ് സ്റ്റാർ ആശുപത്രിയ്ക്ക് മാത്രമാണ് തുക നല്കിയിരിക്കുന്നത് എന്നതിനാൽ മറ്റ് ആശുപത്രികളിൽ ഡയാലിസിസ് നടത്തിയിട്ടുള്ള രോഗികൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു.

അർഹരായ എല്ലാ രോഗികൾക്കും പദ്ധതി ആനുകൂല്യം ഉറപ്പ് വരുത്താനുതകുന്ന ക്രിയാത്മക നടപടികൾക്ക് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും ചേർന്ന് രൂപം നൽകേണ്ടതാണ്.

## 3-5 താലൂക്ക് ആശുപത്രിയിലേയ്ക്ക് ഉപകരണങ്ങൾ/ ഫർണിച്ചർ വാങ്ങൽ -ക്വട്ടേഷൻ നടപടിക്രമത്തിൽ അപാകത

പ്രോജക്ട് നം.72/18 അടങ്കൽ-₹1175000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, താലൂക്ക് ആശുപത്രി അടിമാലി.

ചെലവ് - ബിൽ നം.11/28.03.2018.₹732240/-

ഈ പദ്ധതി പ്രകാരം താലൂക്ക് ആശുപത്രിയിലേയ്ക്ക് വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | വിതരണക്കാരൻ | വാങ്ങിയ സാധനങ്ങൾ | ഇൻവോയ്സ് നം/ തീയതി | തുക |
|---|---|---|---|---|
| 1 | ഹൈറേഞ്ച് ഹോം അപ്ലയൻസ് അടിമാലി | ഫ്രിഡ്ജ്-2 | 3240/27-3-18 | 49000 |

| | | | | |
|---|---|---|---|---|
| 2 | അന ഏജൻസീസ് അടിമാലി | തയ്യൽ മെഷീൻ | 06/26-3-18 | 6500 |
| 3 | സംഗീത ഫ്രിഡ്ജ് ഹൗസ് അടിമാലി | വാട്ടർ പ്യൂരിഫൈയർ-5<br>എൽ ഇ ഡി ടി വി-2<br>ഇൻഡക്ഷൻ കുക്കർ-1 | 2168/27-03-18 | 80990 |
| 4 | കൊറ്റഞ്ചേരിൽ സൂപ്പർ ഷോപ്പ് അടിമാലി | ടോർച്ച്-10 | B2744/19-03-18 | 3700 |
| 5 | ഇൻഫോസ്പേസ് കമ്പ്യൂട്ടർ സൊല്യൂഷൻസ് അടിമാലി | ഏസർ കമ്പ്യൂട്ടർ-10 എണ്ണം. | IGST/B1692 /27-03-18 | 475000 |
| 6 | ന്യൂ തോട്ടത്തിൽ സ്റ്റീൽ ഇൻഡസ്ട്രീസ് അടിമാലി | സ്റ്റീൽ റാക്ക്-7 | 561/27-03-18 | 23800 |
| 7 | എസ് എൻ ഹോംഷൈൻ അപ്ലയൻസസ് അടിമാലി | ഫ്രിഡ്ജ്-5<br>അലമാര-2 | 1746/27-3-18<br>1751/27-3-18 | 77450<br>15800 |
| | | | ആകെ | 732240 |

10 ലക്ഷത്തിനു മുകളിലുള്ള വാങ്ങൽ നടപടിക്കായി രൂപം നൽകിയിരുന്ന ഈ പ്രോജക്ടിൽ ഇ-ടെണ്ടർ അവലംബിക്കേണ്ടതായിരുന്നുവെങ്കിലും പ്രാദേശിക ക്വട്ടേഷനിലൂടെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഇത് പദ്ധതി വ്യവസ്ഥയുടെയും സ്റ്റോർ പർച്ചേസ് മാനുവലിന്റെയും ലംഘനമാണ്. നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്റ്റോർ പർച്ചേസ് മാനുവലിനനുസൃതമായി വാങ്ങൽ നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 തോട്ടപ്പുര അംഗൻവാടി നിർമ്മാണം-ടെണ്ടർ കിഴിവ് വരുത്തിയില്ല-നഷ്ടം ₹31103/-

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| പദ്ധതി നം | 82/18 |
| പദ്ധതി അടങ്കൽ | ₹500000/- |
| കരാറു കാരൻ | ഇമ്മാനുവൽ ജോർജ്ജ് |
| അളവു ബുക്ക് | 276/16-17 |

| | |
|---|---|
| ബിൽ നം/തീയതി | 18/21.7.17 |
| ബിൽ തുക | ₹209429/- |

2015-16 വർഷം അംഗീകാരം ലഭിച്ച പദ്ധതിക്കു വേണ്ടി മുൻവർഷം പാർട്ട് ബില്ലായി ₹247965/- ചെലവഴിച്ചിരുന്നു. കരാറുകാരനായ ശ്രീ ഇമ്മാനുവൽ ജോർജ്ജ് 6.8% കിഴിവിലാണ് പദ്ധതി ഏറ്റെടുത്തിരുന്നത്. അളവു ബുക്ക് പ്രകാരമുള്ള ആകെ പ്രവൃത്തി മൂല്യം ₹457392/-യാണ്.ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും നിശ്ചിത നിരക്കിലുള്ള ടെണ്ടർ കിഴിവ് വരുത്താത്തതു മൂലം കരാറുകാരന് അധികമായി നൽകിയ ₹29237/-യും നികുതിയിനത്തിൽ അധികമായി ഒടുക്കിയ ₹1866/-യുമുൾപ്പെടെ ₹31103/-യുടെ നഷ്ടം ബ്ലോക്ക് പഞ്ചായത്തിനുണ്ടായിട്ടുണ്ട്.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കരാറു കാരന് നൽകാവുന്ന തുക | | കരാറുകാരന് നൽകിയ തുക | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 457392 | ആകെ പ്രവൃത്തി മൂല്യം | 457392 |
| (-)ടെണ്ടർ കിഴിവ് 6.8% | 31103 | (-)ടെണ്ടർ കിഴിവ് | 0 |
| (-)വാറ്റ് 4% | 17052 | (-)വാറ്റ് | 18296 |
| (-)നിർമ്മാണ തൊഴിലാളി ക്ഷേമ നിധി | 4263 | (-)നിർമ്മാണ തൊഴിലാളി ക്ഷേമനിധി | 4574 |
| (-)ഐ.ടി | 4263 | (-)ഐ.ടി | 4574 |
| കരാറുകാരന് നൽകാവുന്ന തുക | 400711 | കരാറുകാരന് നൽകിയ തുക | 429948 |

ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം ₹31103/-ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 ചില്ലിത്തോട് വനിതാ വിപണന കേന്ദ്രം-പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 119/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സി. എഞ്ചിനിയർ |
| പദ്ധതി അടങ്കൽ | ₹500000/-(വി.ഫ) |
| കരാറുകാരൻ | സുനിൽ ടി.വി |
| അളവു ബുക്ക് | 197/17-18 |
| ബിൽ നം/തീയതി | 50/31.3.18 |
| ബിൽ തുക | ₹242474/- |

2016-17 വർഷം 166/17 നമ്പർ ആയി അംഗീകാരം ലഭിച്ച പദ്ധതി യഥാസമയം നടപ്പിലാക്കാൻ കഴിയാത്തതിനെ തുടർന്ന് 2017-18 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തുകയായിരുന്നു. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

ഭാഗികമായി നടപ്പിലാക്കിയതിനെ തുടർന്ന് കരാറുകാരന് പാർട്ട് ബില്ലായി ₹242,474/- അനുവദിക്കുകയും ചെയ്തു. പാർട്ട് ബിൽ തുക കൈപ്പറ്റിയതിനു ശേഷം കെട്ടിടത്തിന്റെ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികളൊന്നും കരാറുകാരൻ ചെയ്തിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പദ്ധതി റീടെണ്ടർ ചെയ്തു പൂർത്തീകരിക്കുന്നതിനും കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പൊതുമരാമത്ത് പ്രവൃത്തികൾ–അംഗീകാരം ലഭിച്ച പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുവാൻ കഴിയുന്നില്ല

അസി.എഞ്ചിനിയർ/അസി.എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥരായിട്ടുള്ള 98 പ്രോജക്ടുകൾക്ക് 2017-18 വർഷം അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും 49 പ്രോജക്ടുകൾ മാത്രമാണ് തൻവർഷം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ₹52435697/- പദ്ധതി അടങ്കലായി വകയിരുത്തിയതിൽ ₹9833853/- മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. പദ്ധതി ചെലവ് 18.75% മാത്രമാണ്. അവശേഷിക്കുന്ന പദ്ധതി തുക 2018-19 വർഷത്തെ സ്പിൽ ഓവർ പദ്ധതികളിലുൾപ്പെടുത്തി പൂർണ്ണമായി വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന പദ്ധതികൾ യഥാസമയം ടെണ്ടർ ചെയ്തു നൽകുന്നതിനും പൂർത്തീകരിക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും

വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷത്തെ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണപദ്ധതി | ലഭ്യമല്ല | ലഭ്യമല്ല | 62,62,950.00 | 0.00 | 27,49,000.00 | 0.00 | 35,13,950.00 |
| ഐ.എ.വൈ.ലോൺ | ലഭ്യമല്ല | ലഭ്യമല്ല | 750000.00 | 0.00 | 0.00 | 0.00 | 750000.00 |

വാർഷിക കണക്കുകൾ പ്രകാരം ₹53,84,950 /- ആണ് seccured loan from co-operative banks എന്ന ഹെഡിൽ അവശേഷിക്കുന്നത്. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | 1997-98 | 22 & 23 | ശ്രീധരൻ നായർ സെക്രട്ടറി | LF.28526/ Spl.Cell/ SC2/2000, | 715 | | | | | | 715 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 26.7.2002 | | | | | | | | |
| | 1999-00 | 20 & 21 | എം.എ.സുകുമാരൻ, സെക്രട്ടറി | LF.2644/Spl.Cell/ SC2/2005, 2.1.06 | 10450 | | | | | | 10450 | |
| | 2000-01 | 2,3,4,6, 9,10,12 | ടി.ആർ.രാജശേഖരൻ സെക്രട്ടറി | LF.10638/Spl.Cell/ SC2/2005,5.4.06 | 31489 | | | | | | 31489 | |
| | 2000-01 | 8 (PART) | എം.സോമനാഥൻ, ബി.ഡി.ഒ | LF.10638/Spl.Cell/ SC2/2005,3.7.06 | 500 | | | | | | 500 | |
| | 2000-01 | 8 (PART) | ടി.ആർ.രാജശേഖരൻ സെക്രട്ടറി | LF.10638/Spl.Cell/ SC2/2005,3.7.06 | 3500 | | | | | | 3500 | |
| | 2001-02 | 4,5,6 | ആർ.വിശ്വംഭരൻ, അസി.എൻജിനീയർ | LF.4969/Spl.Cell/ SC2/2006, 6.11.06/9.2.07 | 7463 | | | | | | 7463 | |
| | 2002-03 | 3-5 & 3-6(PART) | ആർ.വിശ്വംഭരൻ, അസി.എൻജിനീയർ | LF.6046/Spl.Cell/ SC2/2006, 4.5.2007 | 2416 | | | | | | 2416 | |
| | 2002-03 | 3-6(PART) | കെ.കുമാരസാമി പിള്ളൈ അസി.എൻജിനീയർ | LF.6046/Spl.Cell/ SC2/2006, 4.5.2007 | 702 | | | | | | 702 | |
| | 2003-04 | 3-7 & 3-8 | ജോസഫ് മാത്യു സെക്രട്ടറി | LF.9070/Spl.Cell/ SC2/2009, 19.10.2010 | 58450 | | | | | | 58450 | |
| | 2005-06 | 3-10, 11,12,13, 14,15,16 | ജോസഫ് മാത്യു സെക്രട്ടറി | LF.9070/Spl.Cell/ SC2/2006, 09.9.09 | 78081 | | | | | | 78081 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,77,26,023 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,67,82,245 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 31103 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3156435 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 31103 | ശ്രീ അനീഷ് എ. വൈ, അസിസ്റ്റന്റ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1900000 | ശ്രീ സുജിത്ത് പി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-3 | 524195 | ശ്രീമതി.വത്സലകമാരി കെ പി, കൃഷി അസി.ഡയറക്ടർ |
| 3-5 | 732240 | ഡോ. സത്യബാബു എൻ വി, മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീ അനീഷ് എ. വൈ,<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസി.എഞ്ചിനിയർ<br>എൽ.എസ്.ജി.ഡി.<br>ദേവികുളം ഗ്രാമപഞ്ചായത്ത് | അനിയഞ്ചുവിഹാർ<br>എം.സി.നഗർ,കരകുളം പി.ഒ,<br>തിരുവനന്തപുരം-695564 |

## **4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1997-98 | എൽ.എഫ്.ഐ 4/179/13,02.08.13 | 11 | 20,22,23,24,25,<br>26,27,28,29,31,32 |
| 1998-99 | എൽ.എഫ്.ഐ 4/179/13,02.08.13 | 16 | 17(1)(3)(5),19,20,21,<br>22,23, 24,25,26,<br>27,28,29,30,31, |
| 1999-2000 | എൽ.എഫ്.ഐ 4/710/09,15.9.09 | 20 | 15,16,17(1),(2),<br>18,19,20, 21,22, 23,24,<br>25,26,27,28,29,<br>30,31,32,34, |
| 2000-01 | എൽ.എഫ്.ഐ 3/455/03,15.9.04 | 12 | 2.1,2.2,2.3,2.4,<br>2.5,2.6, 2.7,2.8,<br>2.9,2.10,2.11,2.12, |
| 2001-02 | എൽ.എഫ്.ഐ 4/617/05,06.12.05 | 10 | 2.1,2.2(a)(b)(c),<br>2.3,2.4,2.5,2.6,2.7,2.8 |
| 2002-03 | എൽ.എഫ്.ഐ 4/660/05,31.12.05 | 6 | 3.1,3.2,3.3,3.4,3.5,3.6,, |
| 2003-04 | എൽ.എഫ്.ഐ 4/393/05,12.12.05<br>(AR) | 19 | 3.1,3.2,3.3,3.4,<br>3.5,3.6,3.7,3.8,<br>3.9,3.10,3.11,3.12,<br>3.13,3.14,3.15, |

| | | | |
|---|---|---|---|
| | | | 3.16,3.17,3.18,3.19, |
| 2004-05 | എൽ.എഫ്.ഐ 4/188/08,14.10.08 | 6 | 3.2(1) (2),3.3,3.4,3.5(a)(b) |
| 2005-06 | എൽ.എഫ്.ഐ 4/516/08,14.05.08 (AR) | 13 | 3.1,3.2,3.3,3.4, 3.5,3.6,3.7,3.8,3.9, 3.10,3.11,3.12,3.13, |
| 2006-07 | എൽ.എഫ്.ഐ 4/1151 /2009,8.3.10,03.4.10 | 13 | 3.1,3.2,3.3,3.4,3.5, 3.6,3.7,3.8,3.9, 3.10,3.11,3.12,3.13, |
| 2007-08 | എൽ.എഫ്.ഐ 4/748/2010,19.3.11 | 9 | 2.1,2.2, 3.3,3.4, 3.6,3.7,3.8,3.9,3.10, |
| 2008-09 | എൽ.എഫ്.ഐ 4/402/2012,10.05.12 | 5 | 2.1, 3.1,3.2,3.3,3.8, |
| 2009-10 | എൽ.എഫ്.ഐ 4/411/2012,10.5.12 | 6 | 2.1,2.2, 3.1, 3.2,3.3,3.5, |
| 2010-11 | എൽ.എഫ്.ഐ 4/17/2014,10.3.14 | 5 | 3.1,3.2,3.3,3.4,3.5, |
| 2011-12&2012-13 | എൽ.എഫ്.ഐ11/946/14,8.12.14 | 18 | 3.1,3.2,3.3,3.4,3.5, 3.6,3.7,3.8,3.9, 3.10,(2,3,4,5,6,7,8,9,), 3.11, |
| 2013-14& 2014-15 | കെ.എസ്.എ.ഐ.ഡി.കെ 11/130/ 18,08.3.18 | 8 | 3.1,3.2,3.3,3.4, 3.5,3.6,3.7,3.8 |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ 11/1684/ 17, 27.4.18 | 10 | 2.1, 3.2,3.3, 3.4,3.5(1)(2)(3), 3.6(a)(b),3.7 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ 11/227/ 18,07.5.18 | 8 | 2.1,2.2,3.1,3.2, 3.3,3.5,3.9,3.10, |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.ഐ.ഡി.കെ-11/193/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി:25.03.2019
PH:04862 227332
E-mail:doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) , 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി